പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 216 28.06.2016 - ൽ മറുപടിയ്ക്ക്

# രോഗ പ്രതിരോധത്തിനായി ചെലവഴിക്കുന്ന തുക

| ചോദ്യം<br>ശ്രീ . മഞ്ഞളാംകുഴി അലി : | മറുപടി<br>ശ്രീമതി.കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരംക്ഷണത്തിനുള്ള ചെലവ് ദേശീയ ശരാശരിയെ അപേക്ഷിച്ച് കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) രോഗപ്രതിരോധ രംഗത്ത് ചെലവാക്കുന്നതിനേക്കാൾ കൂടുതൽ ചെലവ് ചികിത്സാരംഗത്ത് ചെലവഴിക്കേണ്ടി വരുന്ന സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ ; | (ബി) വിശകലനം ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാനം രോഗപ്രതിരോധ-ത്തിനായി ചെലവഴിക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി) രോഗപ്രതിരോധത്തിന്റെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്. |
| (ഡി) പകർച്ചാവ്യാധികൾ തടയുന്ന കാര്യത്തിൽ സംസ്ഥാനം, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് എത്രമാത്രം വിജയം കൈവരിച്ചിട്ടുണ്ടെന്ന വിവരം വിശദമാക്കുമോ? | (ഡി) മലമ്പനി നിവാരണത്തിന്റെ കാര്യത്തിൽ കേരളം മറ്റ് 14 സംസ്ഥാനങ്ങളോടൊപ്പം കാറ്റഗറി 1-ൽ (മലമ്പനി രോഗാണു ബാധിതരുടെ എണ്ണം ആയിരത്തിൽ ഒന്ന് എന്ന തോതിലാണ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും) തന്നെയാണ് നിലനിൽക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ് നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങൾ ഇപ്പോഴും കാറ്റഗറി 2-ൽ ആണ് (മലമ്പനി രോഗാണു ബാധിതരുടെ എണ്ണം ആയിരത്തിൽ ഒന്ന് എന്ന തോതിൽ സംസ്ഥാനതലത്തിലും ആയിരത്തിൽ ഒന്നിൽ കൂടുതൽ എന്ന തോതിൽ ജില്ലാതലത്തിലും). 2020 ഓടെ [illegible] കേരളത്തിൽ നിന്നും മലമ്പനി നിവാരണം ചെയ്യാനാണ് ഇൻഡ്യാ ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | |
|---|---|
| | ഇൻഡ്യയിൽ മന്തുരോഗ നിവാരണ സാദ്ധ്യതാ സർവ്വേയിൽ ഗോവ, പോണ്ടിച്ചേരി മുതലായ കേന്ദ്ര ഭരണ പ്രദേശങ്ങളിൽ മാത്രമാണ് കുട്ടികളിൽ മന്തുരോഗ സാദ്ധ്യത കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ പാലക്കാട്, മലപ്പുറം, കാസർഗോഡ്, ആലപ്പുഴ ഒഴികെ ബാക്കി 10 ജില്ലകളിലും പ്രസ്തുത സർവ്വെ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. 2016-17 വർഷത്തോടെ ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2020 ഓടെ പാലക്കാട്, മലപ്പുറം ഉൾപ്പെടെ എല്ലാ ജില്ലകളിലും മന്തുരോഗ നിവാരണം സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡങ്കി, ചിക്കുൺഗുനിയ മുതലായ രോഗങ്ങൾ ഇൻഡ്യയുടെ മറ്റ് സംസ്ഥാനങ്ങളെപ്പോലെതന്നെ കേരളത്തിലും വ്യാപകമായിട്ടുണ്ട്. അയൽ സംസ്ഥാനമായ തമിഴ് നാട്ടിലും ധാരാളം ഡെങ്കിപ്പനിയും മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>കുരങ്ങുപനി 2015-ൽ വയനാട് ജില്ലയിൽ വ്യാപകമായി റിപ്പോർട്ട് ചെയ്തിരുന്നു. 102 പേർക്ക് രോഗബാധയും സംഭവിച്ചിരുന്നു. എന്നാൽ 2016-ൽ ഇതുവരെ 9 പേർക്കാണ് രോഗബാധ സ്ഥിതീകരിച്ചത്. മരണം ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ഈ വർഷം ഗോവയിലും, മഹാരാഷ്ട്രയിലും കൂടുതൽ പേർക്ക് ഈ രോഗബാധയുണ്ടായിട്ടുണ്ട്. സ്ക്രബ് ടൈഫസ്, ഡൽഹി ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ കഴിഞ്ഞ വർഷം വ്യാപകമായിരുന്നു. കേരളത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ഈ രോഗം കൂടുതൽ ഉണ്ടായിട്ടുള്ളത്. കൊല്ലം, കോഴിക്കോട്, വയനാട് ജില്ലകളിലും രോഗബാധയുണ്ടായിട്ടുണ്ട്. ഇത് മറ്റ് സംസ്ഥാനങ്ങളെക്കാൾ കുറവാണ്.<br>എച്ച് 1 എൻ 1 രോഗബാധയും മരണവും 2015-ൽ മറ്റു സംസ്ഥാനങ്ങളിലെപ്പോലെ തന്നെ കേരളത്തിലും കൂടുതലായിരുന്നു. ഗുജറാത്ത്, ഡൽഹി, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ കേരളത്തെ അപേക്ഷിച്ച് രോഗബാധയും മരണവും വളരെ കൂടുതലാണ്. |

സെക്ഷൻ ഓഫീസർ